**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **20-01-2021 - ൽ മറുപടിയ്ക്ക്**

**ദേവികുളം നിയോജകമണ്ഡലം-ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ദേവികുളം നിയോജകമണ്ഡലത്തിലെ പത്ത് സ്ഥാപനങ്ങളെ ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുവാൻ തിരഞ്ഞെടുത്തിട്ടുള്ളതാണ്. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം ഒന്നാം ഘട്ടം വട്ടവട പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതും അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഡോക്ടർ-1,സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ലാബ് ടെക്നീഷ്യൻ-1എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതുമാണ്. ആർദ്രം രണ്ടാം പദ്ധതി ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി ചിന്നക്കനാൽ, പി.എച്ച്.സി ബൈസൺവാലി, സി.എച്ച്.സി ദേവികുളം, പി.എച്ച്.സി വെള്ളത്തുവൽ, പി.എച്ച്.സി ദേവിയാർ കോളനി എന്നീ സ്ഥാപനങ്ങളെ എഫ്.എച്ച്.സിയായി ഉയർത്തുവാൻ തിരഞ്ഞെടുത്തിട്ടുള്ളതും ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതുമാണ്. സ്ഥാപനം തസ്തികകൾ പി.എച്ച്.സി ചിന്നക്കനാൽ ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 പി.എച്ച്.സി ബൈസൺവാലി ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 സി.എച്ച്.സി ദേവികുളം സ്റ്റാഫ് നഴ്സ്-1 പി.എച്ച്.സി വെള്ളത്തുവൽ ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 പി.എച്ച്.സി ദേവിയാർ കോളനി ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 പി.എച്ച്.സി ചിന്നക്കനാൽ, പി.എച്ച്.സി ബൈസൺവാലി, പി.എച്ച്.സി ദേവിയാർ കോളനി എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പി.എച്ച്.സി വെള്ളത്തുവലിൽ സ്ഥലപരിമിതി ഉള്ളതിനാൽ എഫ്.എച്ച്.സി ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. സി.എച്ച്.സി |

| | | | |
|---|---|---|---|
| | | | ദേവികുളം എഫ്.എച്ച്.സി യായി ഉയർത്തുന്നതിനുള്ള ഡി.പി.ആർ ദേവികുളം എച്ച്.എം.സിയുടെ അംഗീകാരം ലഭിക്കുന്നതിനായി എൻ.എച്ച്.എം. സമർപ്പിച്ചിട്ടുള്ളതാണ്. ആർദ്രം മൂന്നാം ഘട്ടം പി.എച്ച്.സി മാങ്കുളം, പി.എച്ച്.സി കാന്തല്ലൂർ, പി.എച്ച്.സി കല്ലാർ വട്ടിയാർ, പി.എച്ച്.സി ഇടമലക്കുടി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി അടിമാലി താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് O&G-1, ഫാർമസിസ്റ്റ്ഗ്രേഡ്-II-1, ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ്II-1, ഡെന്റൽ മെക്കാനിക്ക് ഗ്രേഡ്II -1, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-4, ലാബ് ടെക്നീഷ്യൻ ഗ്രേഡ്II-2 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു. ക്രമ നം. പ്രവർത്തനം പുരോഗതി 1 പി.എച്ച്.സി വട്ടവടയെ എഫ്.എച്ച്.സി യായി ഉയർത്തുന്നത് പ്രവർത്തനം പൂർത്തീകരിച്ച്എഫ്.എച്ച്.സി യായി ഉയർത്തിയിട്ടുണ്ട്. 2 പി.എച്ച്.സി ചിന്നക്കനാൽ എഫ്.എച്ച്.സി യായി ഉയർത്തുന്നത്. ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 3 പി.എച്ച്.സി ബൈസൺ വാലി എഫ്.എച്ച്.സി യായി ഉയർത്തുന്നത് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് 4 സി.എച്ച്.സി ദേവികുളം എഫ്.എച്ച്.സി യായി ഉയർത്തുന്നതിനുള്ള ഡി.പി.ആർ ദേവികുളം എച്ച്.എം.സി യുടെ അംഗീകാരത്തിനായി എൻ.എച്ച്.എം സമർപ്പിച്ചിട്ടുണ്ട്. 5 പി.എച്ച്.സി വെള്ളത്തുവൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 6 പി.എച്ച്.സി ദേവിയാർകോളനി പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ